# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : 6020.

10..7..2012-ൽ മറുപടിക്ക്

## ക്ഷീരകർഷകർക്കുള്ള ക്ഷേമനിധി നിബന്ധനകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ.വി. വിജയദാസ്. | | ശ്രീ. കെ.സി. ജോസഫ്. (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) |
| (എ) ക്ഷീരകർഷകർക്കുള്ള ക്ഷേമനിധി സംബന്ധിച്ച നിബന്ധനകൾ ലഘൂകരിച്ച് ആനുകൂല്യങ്ങൾ ഉറപ്പു വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ;<br><br>(ബി) നിലവിലുള്ള നിബന്ധനകളുടെ വിശദാംശം നൽകുമോ? | (എ) & (ബി) | നിലവിൽ ക്ഷീരകർഷക ക്ഷേമനിധി മുഖേന പെൻഷൻ അനുവദിക്കുന്നത് 2007 ഏപ്രിൽ 13 ലെ ക്ഷീരകർഷക ക്ഷേമനിധി നിയമം വകുപ്പ് 4 പ്രകാരവും 2010 ഏപ്രിൽ 7ലെ ക്ഷേനിധി ഭേദഗതി നിയമവും അനുസരിച്ചാണ്. ഈ നിയമപ്രകാരം 2007 ഏപ്രിൽ 13 ലെ ക്ഷേമനിധി നിയമം നിലവിൽ വന്നതിനു മുമ്പായി ക്ഷേമനിധിയിൽ അംഗമായവർക്ക് സംഘത്തിൽ അംഗമായി 10 വർഷം കുറഞ്ഞത് 500 ലിറ്റർ പാൽ പ്രതിവർഷം സംഘത്തിൽ അളക്കുകയും 60 വയസ്സ് പൂർത്തിയാകുകയും ചെയ്താൽ പെൻഷൻ ലഭിക്കുന്നതാണ്. 2007ലെ ക്ഷേമനിധി നിയമം നിലവിൽ വന്നതിനു ശേഷം ക്ഷേമനിധിയിൽ അംഗമായവർക്ക് ക്ഷേമനിധിയിൽ അംഗമായി 5 വർഷമെങ്കിലും കുറഞ്ഞത് 500 ലിറ്റർ പാൽ പ്രതിവർഷം സംഘത്തിൽ അളക്കുകയും 60 വയസ്സ് പൂർത്തിയാകുകയും ചെയ്താൽ പെൻഷൻ ലഭിക്കുന്നതാണ്.<br><br>പെൻഷൻ അനുവദിക്കുന്നതിനുള്ള ഈ നിയമം ഭേദഗതി ചെയ്യുന്നതിന് ക്ഷീരകർഷക ക്ഷേമനിധി ബോർഡ് പ്രമേയം പാസാക്കിയിട്ടുണ്ട്. ഈ വിഷയം സർക്കാരിന്റെ പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ.